# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2367** **09.03.2018 ലെ മറുപടി**

### കളത്തൂർ പഞ്ചായത്തിലെ വലിയതോട് ബണ്ട്

**ചോദ്യം**

**ശ്രീ.കെ.ആൻസലൻ:**

**മറുപടി**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കളത്തൂർ പഞ്ചായത്തിലെ മുടിപ്പുരയ്ക്ക് സമീപം വലിയതോട് ബണ്ട് തകർന്ന് അപകട അവസ്ഥയിൽ ആയ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; മഴക്കാലത്തു ഈ തോട്ടിൽ എത്തുന്ന വെള്ളം സമീപപ്രദേശത്തെ എത്ര വീടുകൾക്ക് നാശം ഉണ്ടാക്കുമെന്ന് സാധ്യതാപഠനം നടത്തിയിട്ടുണ്ടോ;

(ബി) പൊതുജനങ്ങൾക്ക് കൃഷിക്കും, വീടുകൾക്കും ഉണ്ടാവാനുള്ള അപകട സാധ്യത മനസ്സിലാക്കി വലിയതോടിന്റെ പാർശ്വഭിത്തികെട്ടുന്നതിന് മൈനർ ഇറിഗേഷൻ പാറശ്ശാല ഓഫീസ് എടുത്ത എസ്റ്റിമേറ്റ് അനുസരിച്ച് നടപടി വൈകാൻ കാരണം വ്യക്തമാക്കാമോ;

(എ) യും (ബി) യും

ഉണ്ട്. നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ മുടിപ്പുരയ്ക്ക് സമീപം വലിയതോട് ബണ്ട് തകർന്നതുമായി ബന്ധപ്പെട്ട് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയുമായി ബന്ധപ്പെട്ട് ഇപ്പോൾ ലഭ്യമായിരിക്കുന്ന എസ്റ്റിമേറ്റിൽ ബണ്ട് നിർമ്മാണം ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ സാധ്യതാ പഠന റിപ്പോർട്ട് അനുസരിച്ച് വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

(സി) വലിയ തോടിന്റെ പാർശ്വഭിത്തി കെട്ടി വെള്ളപ്പൊക്കഭീഷണി ഒഴിവാക്കാൻ വേണ്ടി മൈനർ ഇറിഗേഷൻ വിഭാഗം എന്തൊക്കെ നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ? ഇതിനു വരുന്ന അടങ്കൽ തുക എത്ര ആണ് ; 2018 മാർച്ച് 31 ന് മുൻപ് നടപടി സ്വീകരിക്കുമോ?

(സി) വലിയ തോട് ബണ്ട് പുനസ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠന റിപ്പോർട്ടും വിശദമായ എസ്റ്റിമേറ്റും ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**